"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 24-01-2023

## സർക്കുലർ നം - 02

ജയിലാസ്ഥാനകാര്യാലയ പരിശോധനാ വിഭാഗം വിവിധ ജയിൽ സ്ഥാപനങ്ങളിൽ നടത്തി വരുന്ന ആഭ്യന്തര പരിശോധനകളുമായി ബന്ധപ്പെട്ടുള്ള പരിശോധനാ റിപ്പോർട്ടുകളിൽ ഉന്നയിച്ചിരിക്കുന്ന ഓഡിറ്റ് വിയോജനങ്ങൾ, അക്കൌണ്ടന്റ് ജനറൽ വിവിധ ജയിൽ സ്ഥാപനങ്ങളിൽ നിർവ്വഹിക്കുന്ന ഓഡിറ്റുകളുമായി ബന്ധപ്പെട്ടുള്ള പരിശോധനാ റിപ്പോർട്ടുകളിൽ ഉന്നയിച്ചിരിക്കുന്ന ഓഡിറ്റ് വിയോജനങ്ങൾ എന്നിവയിന്മേൽ ബന്ധപ്പെട്ട സ്ഥാപനമേധാവികളിൽ നിന്നും സമയബന്ധിതമായി മറുപടികൾ ലഭിക്കാത്ത കാരണത്താൽ നിരവധി ഓഡിറ്റ് വിയോജനങ്ങൾ ഇനിയും തീർപ്പാകാതെ അവശേഷിക്കുന്നുണ്ട്. ഓഡിറ്റ് വിയോജനങ്ങളിന്മേൽ യഥാസമയം ബന്ധപ്പെട്ട ജയിൽ സ്ഥാപന മേധാവികൾ മറുപടി ലഭ്യമാക്കാത്തതിനാൽ വർഷങ്ങൾ പഴക്കമുള്ള പരിശോധനാ റിപ്പോർട്ടുകൾ നിലവിലും തീർപ്പാക്കുവാൻ കഴിയാത്ത അവസ്ഥയാണുള്ളത്. നിശ്ചിത സമയത്തിനുള്ളിൽ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് മറുപടി നൽകി നടപടികൾ തീർപ്പാക്കണമെന്ന സർക്കാർ നിർദേശമുള്ളപ്പോൾ റിപ്പോർട്ടുകൾക്ക് സമയബന്ധിതമായി മറുപടി നൽകാതിരിക്കുന്നത് ഗുരുതരമായ കൃത്യവിലോപവും വകുപ്പുതല നടപടി സ്വീകരിക്കുവാൻ പര്യാപ്തവുമാണ്.

പരിശോധനാ റിപ്പോർട്ടുകളിന്മേൽ യഥാസമയം മറുപടി നൽകാതെയും ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഓഡിറ്റ് വിയോജനപ്രകാരമുള്ള റിക്കവറികൾ കൃത്യമായി നടത്താതിരിക്കുകയും ചെയ്യുന്ന സ്ഥാപന മേധാവികൾക്ക് മാത്രമായിരിക്കും ടി പരിശോധനാ റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള എല്ലാവിധ തുടർനടപടികൾ സംബന്ധമായും ഉത്തരവാദിത്വമുള്ളത് എന്നുള്ളതിനാൽ നിലവിൽ പെന്റിംഗ് ആയി അവശേഷിക്കുന്ന വിവിധ പരിശോധന റിപ്പോർട്ടുകളിലെ ഓഡിറ്റ് വിയോജനങ്ങൾക്ക് ഒരു വർഷത്തിനുള്ളിൽ മറുപടി നൽകി ഫയൽ നടപടികൾ തീർപ്പാക്കേണ്ടതും, കൂടാതെ പുതുതായി ആരംഭിക്കുന്ന പരിശോധനാ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തുന്ന ഓഡിറ്റ് വിയോജനങ്ങൾക്കും ഒരു വർഷത്തിനുള്ളിൽ മറുപടി നൽകി ഫയൽ നടപടികൾ തീർപ്പാക്കേണ്ടതുമാണ്. ഇപ്രകാരം സമയബന്ധിതമായി മറുപടി നൽകാത്ത സ്ഥാപന മേധാവികളുടെ പേരിൽ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരമുള്ള ബാധ്യതകൾ കണക്കാക്കുകയും ഇത്തരത്തിൽ ബാധ്യതകൾ നിശ്ചിതപ്പെടുത്തിക്കൊണ്ട് അതിനനുസൃതമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്നുള്ളതിനാൽ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി മറുപടി നൽകുവാൻ സ്ഥാപന മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ നിലവിൽ വിവിധ ജയിൽ സ്ഥാപനങ്ങളിലെ ആഭ്യന്തര പരിശോധനാ റിപ്പോർട്ടുകളിൽ ബാർബർ രജിസ്റ്റർ, ഇൻ ഔട്ട് രജിസ്റ്റർ എന്നിവ സംബന്ധമായി തുകകൾ തിരിച്ചടയ്ക്കേണ്ടതുമായി ബന്ധപ്പെട്ടുള്ള നിരവധി വിയോജനങ്ങൾ തീർപ്പാകാതെ അവശേഷിക്കുന്നതിനാൽ നിലവിൽ നിലനിൽക്കുന്ന ഇത്തരം വിയോജനങ്ങളിന്മേൽ തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും ഭാവിയിൽ ഇത്തരം വിയോജനങ്ങൾ ആവർത്തിക്കപ്പെടാതിരിക്കുന്നതിനായി ജയിലുകളിലെ ഇൻ - ഔട്ട് രജിസ്റ്റർ യാതൊരു പിഴവുമില്ലാതെ കൃത്യമായ രീതിയിൽ പരിപാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും അതിനാവശ്യമായ നടപടികൾ ജയിൽ സ്ഥാപന മേധാവികൾ സ്വീകരിക്കേണ്ടതുമാണ്.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: ഡി. ഐ. ജി. ഓഫ് പ്രിസൻസ്, ദക്ഷിണമേഖല /മധ്യമേഖല /ഉത്തരമേഖല.
എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും.

പകർപ്പ് : Prison Web Site/ഫയൽ / കരുതൽ ഫയൽ, CA to DG

IW1-935/2023/PrHQ

652640